**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 456** **12-08-2021 - ൽ മറുപടിയ്ക്ക്**

**തോട്ടം മേഖലയുടെ സമഗ്ര പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ലിന്റോ ജോസഫ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ വിവിധ വാണിജ്യ കരാറുകളിൽ ഏർപ്പെട്ടത് സംസ്ഥാനത്തെ തോട്ടം മേഖലയെ പ്രതിസന്ധിയിലാക്കിയ സാഹചര്യത്തിൽ സർക്കാർ നടപ്പാക്കുന്ന ആശ്വാസ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | തോട്ടം മേഖലയിലെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് മേഖലയിലെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 27.11.2015-ലെ 188/2015/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം റിട്ട: ജസ്റ്റീസ് കൃഷ്ണൻ നായരെ കമ്മീഷനായി നിയമിക്കുകയും, കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്മേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി കമ്മിറ്റി രൂപീകരിച്ച്, കമ്മിറ്റിയുടെ ശുപാർശകൾ 29.06.18 -ലെ സ.ഉ.(കൈ)നം.44/18/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുമുണ്ട്. കമ്മീഷന്റെ ശുപാർശകളിൽ ഭൂരിഭാഗവും സർക്കാർ അംഗീകരിക്കുകയും സമഗ്രമായ ഒരു പ്ലാന്റേഷൻ നയം രൂപീകരിച്ച് അന്തിമ രൂപം നൽകി 22.01.2021-ലെ സ.ഉ.(കൈ)നം.6/2021/തൊഴിൽ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | തോട്ടം വ്യവസായത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി പ്ലാന്റേഷൻ ഡയറക്ടറേറ്റിനെ വ്യവസായ വകുപ്പിന് കീഴിലാക്കിയിട്ടുണ്ടോ; | (ബി) | 11.02.2021-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ)നം.12/2021/തൊഴിൽ പ്രകാരം തൊഴിൽ വകുപ്പിന് കീഴിൽ ഒരു പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. 20.05.2021- ലെ Pol.5/43(1)/2021-GAD നമ്പർ വിജ്ഞാപനം പ്രകാരം പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്ന വിഷയം വ്യവസായ വകുപ്പിന് കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. |
| (സി) | വ്യവസായ സംരംഭങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങളെല്ലാം തോട്ടം വ്യവസായത്തിനും നല്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്. |
| (ഡി) | അടഞ്ഞ് കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ? | (ഡി) | അടഞ്ഞു കിടക്കുന്ന തോട്ടങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള പദ്ധതികൾ |

| | | | |
|---|---|---|---|
| | | | പ്ലാന്റേഷൻ നയത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ